**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1327** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** യുവജനങ്ങളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിനായി യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ പദ്ധതികളാണ് ആലോചിക്കുന്നത്;വിശദമാക്കാമോ;

**<u>മറുപടി:</u>** യുവജനങ്ങളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിനായും ക്യാമ്പുകൾ മറ്റ് സാംസ്കാരിക കൂട്ടായ്മ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനായും കായിക യുവജനക്ഷേമ വകുപ്പിന്റെ കീഴിലെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നിവരുടെ നേതൃത്വത്തിൽ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**(ബി)** ക്യാമ്പുകൾ മറ്റ് സാംസ്കാരിക കൂട്ടായ്മ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ;വിശദമാക്കാമോ?

**<u>മറുപടി:</u>** യുവജനങ്ങളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിനായും ക്യാമ്പുകൾ മറ്റ് സാംസ്കാരിക കൂട്ടായ്മ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനായും കായിക യുവജനക്ഷേമ വകുപ്പിന്റെ കീഴിലെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നിവരുടെ നേതൃത്വത്തിൽ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം.

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

**1. ശാസ്ത്ര ക്വിസ് :**

യുവജനങ്ങളിൽ ശാസ്ത്ര - ചരിത്ര ബോധവും, യുക്തിചിന്തയും വളർത്തുക, അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരായി ശാസ്ത്രാവ ബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്താകമാനം വിവിധ തലങ്ങളിലായി ശാസ്ത്ര ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഹൈസ്കൂൾ തലത്തിലുള്ളവരെ ഉൾപ്പെടുത്തിയാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നത്

2. **മണിനാദം** (കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം):

2016 മാർച്ച് 6 ന് അന്തരിച്ച അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണാർത്ഥം ജന്മനാടായ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി യിൽ വച്ച് അദ്ദേഹത്തിന്റെ ചരമദിനത്തിൽ മണിനാദം എന്ന പേരിൽ ജില്ലാ-സംസ്ഥാനതല നാടൻപാട്ട് മത്സരം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

3. **സാഹിത്യ ക്യാമ്പ്**

പുതുതലമുറയിലെ സാഹിത്യകാരൻമാരെയും പ്രമുഖ സാഹിത്യകാരന്മാരെയും ഉൾപ്പെടുത്തികൊണ്ട് സാഹിത്യക്യാമ്പുകൾ സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

4. **ടീം കേരള (കേരള യൂത്ത് ഫോഴ്സ്) :**

യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധ സേവന രംഗത്തേയ്ക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളോടെ യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ടീം കേരള. പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്നിനെതിരായും സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരായും നാടിന്റെ വികാസനോൻമുഖമായ പ്രവർത്തനങ്ങളിൽക്കൂടി യുവജനങ്ങളെ പങ്കാളികളാക്കുക എന്നതുമാണ് ഈ സേനയുടെ ഉദ്ദേശ്യം.

## 5. ക്ലബ്ബുകൾ :

യുവതി യുവാക്കളെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും ജനങ്ങൾക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിനും അതുവഴി യുവതീ യുവാക്കളുടെ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിനുമാണ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

### a) യൂത്ത് - യുവാക്ലബ്ബുകൾ

കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തി വരുന്നു.

### b) അവളിടം ക്ലബ്ബ് (യുവതി കബ്ബ്)

സംസ്ഥാനത്തെ യുവതികളുടെ ശാക്തീകരണം ലക്ഷ്യമിട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ അവളിടം എന്ന പേരിൽ ആകെ 1040 യുവതീ ക്ലബ്ബുകൾ നിലവിലുണ്ട്. ഈ ക്ലബ്ബുകളിൽ അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി, നിയമസഹായ സമിതി, കൗൺസലിംഗ് സെന്റർ, സ്വയം പരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നു.

## 6. കേരളോത്സവം :

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്.

കേരളോത്സവം പ്രാഥമിക തല മത്സരങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. സംസ്ഥാനതല മത്സരങ്ങളിൽ 5000 ത്തോളം കലാ-കായിക പ്രതിഭകൾ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്നു. കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റും അനുവദിച്ചു വരുന്നു. ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ, ജില്ല, സംസ്ഥാന തലങ്ങളിലായി 5 ലക്ഷത്തിൽ അധികം യുവ കലാ-കായിക പ്രതിഭകൾ

കേരളോത്സവത്തിൽ പങ്കെടുക്കുന്നു. കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി ബ്ലോക്ക് തലങ്ങൾ മുതൽ സംസ്ഥാനതലം വരെ കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് അവാർഡുകൾ നൽകുന്നു.

7. **കായിക വികസന പദ്ധതികൾ-** ഫുട്ബോൾ (സെവൻസ്), 2. കബഡി, 3. വോളീബോൾ).

ജില്ലാ സംസ്ഥാന തലങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ക്ലബ്ബുകളുടെ പേരിലായിരിക്കും മത്സരത്തിൽ ടീമുകളെ പങ്കെടുപ്പിക്കുന്നത്. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തുന്നവരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്ക് ക്യാഷ്പ്രൈസ്, സർട്ടിഫിക്കറ്റ്, ട്രോഫി എന്നിവ നൽകുന്നു.

8. **സാഹസികം.**

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന ദേവികുളം ദേശീയ സാഹസിക അക്കാദമിയുടെയും, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സ്ഥിതി ചെയ്യുന്ന ദേശീയ സാഹസിക അക്കാദമി ഉപകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ വിവിധയിനം സാഹസിക പരിപാടികൾ സംഘടിപ്പിക്കുന്നു

**i)ട്രക്കിംഗ്**

സാഹസിക പരിപാടിയായ ട്രക്കിംഗ് ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാൻ മാത്രമല്ല പ്രകൃതിയെയും പരിസ്ഥിതിയെയും അടുത്തറിയുന്നതിനും സഹായിക്കുന്നു.

**ii) സാഹസിക ക്യാമ്പ്**

റോപ് അഡ്വഞ്ചർ ഇനങ്ങൾ, യോഗ, പ്രഥമശുശ്രൂഷ, ദുരന്ത നിവാരണ ക്ലാസ്, വ്യക്തിത്വ വികസന ക്ലാസ്സ്, അഡ്വഞ്ചർ ഗെയിംസ് തുടങ്ങിയ ഇനങ്ങളും സാഹസിക ക്യാമ്പിൽ ഉൾപ്പെടുന്നു;

**iii) അമ്പെയ്ത്ത് പരിശീലനം.**

സാഹസിക ഇനമായി അമ്പെയ്ത്ത് പരിശീലനം നൽകുന്നതു വഴി ആരോഗ്യപരമായ മനസ്സിനെയും ശരീരത്തെയും വളർത്തിയെടുക്കാനും ജില്ലാ സംസ്ഥാന ദേശീയതല മത്സരങ്ങളിൽ പ്രാതിനിധ്യം കൊണ്ടുവരാനും സാധിക്കുന്നതാണ്.

**iv) ബീച്ച് ഫെസ്റ്റ്:** കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച് എന്നത് ലോകത്തിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ്. ബീച്ച് ഫെസ്റ്റിനോടനുബന്ധിച്ച് സാഹസിക

വിനോദ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. സാഹസിക കായിക ഇനങ്ങളായി ബീച്ച് മാരത്തോണും, ബീച്ച് വോളിയും, സാഹസിക മത്സരപരിപാടിയായി കടലിലെ നീന്തൽ മത്സരവും സാഹസിക വിനോദ പരിപാടിയായി കയാക്കിംഗും സംഘടിപ്പിക്കും

a. ബീച്ച് മാരത്തോൺ: 4 കി.മീ വ്യാപിച്ച കിടക്കുന്ന മുഴപ്പിലങ്ങാട് ബീച്ചിന്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെ ബീച്ചിനുള്ളിലൂടെയുള്ള മാരത്തോൺ.

b. ബീച്ച് വോളി : മുഴപ്പിലങ്ങാട് ബീച്ചിനകത്ത് തീരത്ത് വെച്ച് സംഘടിപ്പിക്കുന്ന വോളിബോൾ മത്സരമാണ്.

c. കടലിൽ നീന്തൽ മത്സരം;_മുഴപ്പിലങ്ങാട് ബീച്ചിന്റെ കരയ്ക്ക് നിന്നും ഒന്നരകിലോ മീറ്റർ കടലിന്റെ ഉള്ളിലേക്ക് നീന്തി, അവിടുന്ന് തിരിച്ച് ബീച്ചിലേക്കും നീന്തി കൊണ്ടുള്ള മത്സരമാണ്.

d. കയാക്കിംഗ്: ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിൽ മുഴപ്പിലങ്ങാട് ബീച്ചിന്റെ ധർമ്മടം അമിനിറ്റി സെന്ററിനോട് ചേർന്ന് പ്രവർത്തിക്കുന്ന കയാക്കിങ്ങ് സെന്ററിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന 30 യുവതീ യുവാക്കൾക്ക് 3 മണിക്കൂർ കയാക്കിങ്ങ് എന്ന ജല സാഹസിക വിനോദം അനുഭവയോഗ്യമാക്കാവുന്നതാണ്.

**9.സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം :**

ചിട്ടയായ പ്രവർത്തനങ്ങളിൽ കൂടി സമൂഹത്തിനാകെ മാതൃകയാകുന്ന നിരവധി യുവജനങ്ങൾ നമ്മുക്കിടയിലുണ്ട്. വിവിധ തലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഈ യുവപ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുന്നത് മഹത്തായ കാര്യമാണ്. ഈ സാഹചര്യത്തിൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു.

**<u>അവാർഡ് നൽകുന്ന മേഖലകൾ</u>**

സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം (പ്രിന്റ് മീഡിയ, ദൃശ്യ മാധ്യമം), കല, സാഹിത്യം, കായികം (വനിത, പുരുഷൻ), സംരംഭകത്വം, കൃഷി, യുവ ഫോട്ടോഗ്രാഫർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക്

സംസ്ഥാനതല അവാർഡ് നൽകുന്നു.

കൂടാതെ, മികച്ച യൂത്ത് ക്ലബ്ബുകൾ, മികച്ച യുവാ ക്ലബ്ബുകൾ, മികച്ച അവളിടം ക്ലബ്ബുകൾ (യുവതി ക്ലബ്ബുകൾ) എന്നിവയ്ക്കുള്ള പുരസ്കാരം ജില്ലാ-സംസ്ഥാനതലങ്ങളിൽ ഏർപ്പെടുത്തുന്നു. അവാർഡിനർഹരാകുന്ന വ്യക്തികൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മൊമെന്റോയും നൽകുന്നു. ജില്ലയിലെ മികച്ച യൂത്ത് - യുവാ - അവളിടം ക്ലബ്ബുകൾക്ക് 30,000 രൂപയും സംസ്ഥാനത്തെ മികച്ച യൂത്ത് - യുവാ - അവളിടം ക്ലബ്ബുകൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മൊമെന്റോയും നൽകുന്നു.

**10. വിവിധോദ്ദേശ്യ പദ്ധതികൾ.**

കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക- വിദ്യാഭ്യാസ- സാംസ്കാരിക കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുമായി കബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് ഇതര ഏജൻസികൾ തുടങ്ങിയവയുമായി സഹകരിച്ചുള്ള പരിപാടികൾ, പരമ്പരാഗത ആയോധന കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള പരിപാടികൾ, ഓരോ സമയത്തും പൊതു സമൂഹത്തിലുണ്ടാകുന്ന സമകാലിക വിഷയങ്ങളിലും സാമൂഹിക പ്രശ്നങ്ങളിലും ഇടപെടാൻ കഴിയുന്ന വിവിധ പദ്ധതികളും പരിപാടികളും സംഘടിപ്പിക്കൽ, മത്സര പരീക്ഷാ പരിശീലനം. ചലച്ചിത്ര ക്യാമ്പുകൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, സമൂഹത്തിലെ തിന്മകൾക്കെതിരായിട്ടുള്ള ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകൾ, നിയമസഭാ മണ്ഡലങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ചും സംസ്ഥാനാടിസ്ഥാനത്തിലും പരിപാടികൾ സംഘടിപ്പിക്കും.

**11. ദിനാചരണങ്ങൾ :**

ദേശീയ യുവജന ദിനാഘോഷങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും സംഘടിപ്പിക്കുന്നത്. കൂടാതെ വനിതാദിനം, പരിസ്ഥിതിദിനം, ഗാന്ധി ജയന്തിദിനം, മറ്റ് പ്രധാനപ്പെട്ട ദിനങ്ങൾ എന്നിവയും ആചരിക്കും..

a. യുവജനദിനാചരണം

ദേശീയ യുവജനദിനമായ ജനുവരി 12 ന് സംസ്ഥാന ജില്ലാ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

b. ഗാന്ധിജയന്തിദിനം

ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 ന് ജില്ലാ തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

c. ലഹരിവിരുദ്ധ ദിനാചരണം

ലഹരിവിരുദ്ധ ദിനാചരണം ജില്ലാ സംസ്ഥാനതലങ്ങളിൽ ആചരിക്കുന്നു.

d. വനിതാദിനാചരണം.

ലോക വനിതാദിനമായ മാർച്ച് 8 ന് അവളിടം ക്ലബ്ബുകളുടെയും മറ്റ് യൂത്ത്, യുവാ ക്ലബ്ബുകളുടെയും ജില്ലാ യുവജന ക്രേന്ദങ്ങളുടെയും നേതൃത്വത്തിൽ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും വനിതാദിനം ആചരിക്കുന്നു. സമൂഹത്തിൽ വനിതകൾ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധതരം വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ, വനിതകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മത്സരങ്ങൾ, കലാപരിപാടികളുടെ അവതരണം, മറ്റ അനുബന്ധ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

യുവജനങ്ങളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ പ്രസംഗ മത്സരവും, ചെസ്സ് മത്സരവും സംഘടിപ്പിക്കുന്നു.

Section Officer